(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) ചില കേന്ദ്രങ്ങളിൽ നിന്നും ഇത്തരം ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

8 (*423) ജനകീയാസൂത്രണ പദ്ധതി പ്രകാരം വൈദ്യുതി ബോർഡിനു നൽകിയ തുക

ശ്രീ. എം. മുരളി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനും, വൈദ്യുതി വിതരണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക പണികൾ നടത്താതെ ബോർഡ് കൈവശം സൂക്ഷിച്ചിരിക്കുകയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ 1997-98-ൽ 35 കോടിയോളം രൂപ ബോർഡിനെ ഏൽപ്പിച്ചിരുന്നോ; എങ്കിൽ നിർദ്ദേശിക്കപ്പെട്ട പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നിർദ്ദേശിക്കപ്പെട്ട പണി ഇതേവരെ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ഇതിനുവേണ്ടി വൈദ്യുതി ബോർഡിനെ ഏൽപ്പിച്ചിട്ടുള്ള പണം അടിയന്തിരമായി ട്രഷറിയിൽ തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) പണി ചെയ്യാതെ അനാവശ്യമായി പണം കൈവശം സൂക്ഷിച്ചതിന്റെ പലിശ കണക്കാക്കി അത് ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് പണികൾ നടത്തുന്നുണ്ട്.

(ബി) ഏൽപ്പിച്ചിരുന്നു. പണികൾ മുൻഗണനാക്രമത്തിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) പൂർത്തീകരിക്കാത്ത പണികൾ സാധനസാമഗ്രികളുടെ ലഭ്യത അനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ചെയ്തു തീർക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഡി) പണികൾ ചെയ്യുന്നതിനുവേണ്ടി മുടക്കുന്ന പണത്തിന് പലിശ നൽകാനുള്ള വ്യവസ്ഥ നിലവിലില്ല. പഞ്ചായത്ത് ചെയ്യാമെന്ന് ഏറ്റിരുന്ന ജോലികൾ പിന്നീട് ബോർഡ് ചെയ്യേണ്ടിവന്നതുകൊണ്ടാണ് പണികൾ ചെയ്യുന്നതിന് കാലതാമസമുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly